*⇨ എന്താണ് അവിടെ നടക്കുന്നതെന്നുപോലും അവർക്കറിയില്ല ⇨*

# വരുന്നു, തണുപ്പിച്ച നാടകങ്ങൾ!

കേരള സംഗീത നാടക അക്കാദമിയുടെ റീജിയണൽ തിയ്യറ്റർ പൂർണ്ണമായി എയർകണ്ടീഷൻ ചെയ്ത് നവീകരിക്കാനുള്ള തീരുമാനം അക്കാദമി തലപ്പത്തുള്ളവരുടെ വരേണ്യപക്ഷപാദിത്വമാണ് കാണിക്കുന്നതെന്നും പ്രമാണിമാർക്കായി മാത്രം കലാവിരുന്നൊരുക്കി ശീലിച്ച അക്കാദമി ചെയർമാന്റെ ഈ വികല കാഴ്ചപ്പാട് ജനകീയ കലകൾക്ക് അപമാനമാണെന്നും

**എസ്. നാരായണൻ**

**സത്യജിത്** റേ ജീവിച്ചിരുന്ന കാലം. 'സൂര്യ'എന്ന കലാസാംസ്കാരിക രംഗത്തെ ബ്രഹ്മാണ്ഡസംഘടനയുടെ കലോത്സവത്തിലേക്ക് സംഘാടകർ സത്യജിത് റേയെ ക്ഷണിച്ചുകൊണ്ടുവന്നിരുന്നു. വളരെ അടുപ്പവും ബന്ധവുമുണ്ടായിരുന്ന ഒരു സുഹൃത്തിനെ ഏറെ വർഷങ്ങൾക്കുശേഷം റേ അവിടെവെച്ച് കണ്ടുമുട്ടി. കുറേ നേരം ഒന്നിച്ചു കഴിഞ്ഞതിനുശേഷം പിരിയുമ്പോൾ ആ സുഹൃത്ത് ഒരു കാര്യം സത്യജിത് റേയോട് ആവശ്യപ്പെട്ടുവത്രേ. 'താങ്കളുടെ സ്വാധീനം ഉപയോഗിച്ച് സൂര്യയിൽ എനിക്കൊരു മെമ്പർഷിപ്പ് ശരിയാക്കിത്തരണം.'

ആ സുഹൃത്തിന് മെമ്പർഷിപ്പ് ശരിയാക്കി കൊടുക്കാൻ സത്യജിത് റേക്ക് സാധിച്ചോ എന്നറിയില്ല. ഏതുതരം മെമ്പർമാരും പ്രേക്ഷകരുമാണ് സൂര്യയുടേതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്. വലിയ ധനാഢ്യർക്കും ഉന്നതോദ്യോഗസ്ഥർക്കും വാണിജ്യവ്യവസായ പ്രമുഖർക്കും സായാഹ്നങ്ങളിൽ വന്ന് വൻ തുക ചെലവഴിച്ച് ഉല്ലസിക്കാനുള്ളതാണ് കലാവതരണങ്ങൾ എന്നാണ് ഇത്തരം സംഘടനകളുടെ കാഴ്ചപ്പാട്. വരേണ്യവിഭാഗത്തിൽപ്പെട്ടവരെ ശ്രദ്ധാപൂർവ്വം തിരഞ്ഞുപിടിച്ചാണ് ആരംഭത്തിൽ സൂര്യ അംഗങ്ങളാക്കിയത്. ആ അംഗങ്ങൾ നിർദ്ദേശിക്കുന്നവർക്ക് മാത്രമേ പുതിയതായി അതിൽ അംഗത്വം ലഭിക്കുകയുള്ളൂ. വഴിയേപോകുന്നവർക്ക് നാടകവും സിനിമയും കാണണമെന്ന് മോഹമുണ്ടെങ്കിൽ അത് മനസ്സിൽ വച്ചാൽ മതി. സിനിമയും നാടകവുമൊക്കെ കാണാനെത്തുന്ന സാധാരണ ജനങ്ങളെ ആ ഭാഗത്തേക്ക് അടുപ്പിക്കാതിരിക്കാനുള്ള വിദ്യകളെല്ലാം ഇവർക്ക് നന്നായറിയാം. പുഴക്കൽ പാടം മണ്ണിട്ട് നികത്തി നിർമ്മിച്ച ലുലു കൺവെൻഷൻ സെന്ററിലെ പൂർണ്ണമായും ശീതീകരിച്ച ഹാളുകളിൽ പലവിധ കലാമാമാങ്കങ്ങൾ നടക്കുന്നുണ്ട്. അവിടേക്കൊന്നും പൊതുജനങ്ങൾ എത്താറില്ല. എന്താണ് അവിടെ നടക്കുന്നതെന്നുപോലും അവർക്കറിയില്ല. അറിഞ്ഞാലും വൻതുകയുടെ ടിക്കറ്റെടുത്ത് വാഹനങ്ങളിൽ അവിടെയെത്താനും അവർക്കാവില്ല. അതുപോലെയല്ല സർക്കാർ സ്ഥാപനമായ റീജിയണൽ തിയ്യേറ്ററിന്റെ കാര്യം. അത് ജനങ്ങൾക്ക് ഒത്തുചേരാനുള്ള ഒരു പൊതു ഇടമാണ്. അവശേഷിക്കുന്ന പൊതുഇടങ്ങളിൽ ഒന്നായ റീജിയണൽ തിയ്യറ്ററും ജനങ്ങളിൽ നിന്നും തട്ടിയെടുക്കാനുള്ള ശ്രമങ്ങൾക്ക് അധികൃതർ തുടക്കമിട്ടുകഴിഞ്ഞു.

പൊതുജനങ്ങളെ തീണ്ടാപ്പാടകലെ നിർത്തിക്കൊണ്ട് കലകളുടെ ശുദ്ധി പതിറ്റാണ്ടുകളായി നിലനിർത്തികൊണ്ടിരിക്കുന്ന 'സൂര്യ'യുടെ തലതൊട്ടപ്പൻ ഇ

⇨ *കുറ്റബോധം കൊണ്ട് ശരീരം വിയർക്കുമോ എന്ന വേവലാതിയൊന്നും വേണ്ട* ⇨



പ്പോൾ കേരള സംഗീതനാടക അക്കാദമിയുടെ ചെയർമാനാണ്. സംഘാടകവൈഭവം കണ്ടിട്ടാകണം സർക്കാർ അദ്ദേഹത്തെ ഈ സ്ഥാനത്ത് അവരോധിച്ചത്. വടക്കുനോക്കിയന്ത്രം എവിടെ കൊണ്ടു വെച്ചാലും അതിന്റെ സൂചി വടക്കോട്ടു തിരിയുന്നപോലെ, നാടകം കാണാനെത്തുന്ന അശ്രീകരങ്ങളെ റീജിയണൽ തിയ്യറ്ററിൽ നിന്ന് എങ്ങിനെ അകറ്റി നിർത്താം എന്നാണ് ചെയർമാൻ ആലോചിക്കുന്നത്. അതിനുവേണ്ടിയുള്ള നിരവധി ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. സംഗീത നാടക അക്കാദമിയുടെ റീജിയണൽ തിയ്യറ്റർ പൂർണ്ണമായി എയർകണ്ടീഷൻ ചെയ്ത് നവീകരിക്കാനുള്ള ജോലികളാണ് ഇപ്പോൾ തുടങ്ങിയിരിക്കുന്നത്. ഒരു നാടകം അവതരിപ്പിക്കാൻ മൂവായിരമോ മൂവായിരത്തി അഞ്ഞൂറോ രൂപ വാടക കൊടുക്കേണ്ടിയിരുന്നിടത്ത് ഇനി ഇരുപത്തയ്യായിരമോ അമ്പതിനായിരമോ കൊടുക്കേണ്ടി വരും. അതിനനുസരിച്ചുള്ള ടിക്കറ്റ് നിരക്കുകൂടി ഏർപ്പെടുത്തിയാൽ ചെയർമാൻ ഉദ്ദേശിക്കുന്ന നിലവാരമുള്ളവർ മാത്രമേ ഇനി അവിടെ എത്തുകയുള്ളൂ. ജനകീയ നാടകങ്ങളും ജനപക്ഷനാടകങ്ങളും ഇനിയിവിടെ നടക്കുന്നത് ഒന്നു കാണണം എന്ന മട്ടിലാണ് സംഗീത നാടക അക്കാദമിയുടെ ഭരണസമിതി ഒറ്റക്കെട്ടായി ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്.

പ്രകൃതിയേയും മനുഷ്യപ്രകൃതിയേയും മനസ്സിലാക്കാൻ സഹായിക്കുന്ന നാടകങ്ങൾ തന്നെയായിരിക്കും എയർകണ്ടീഷൻ ചെയ്തുകഴിഞ്ഞാലും തീർച്ചയായും തിയ്യറ്ററിൽ അവതരിപ്പിക്കപ്പെടുക. ഭാസനോ കാളിദാസനോ, ഷേക്സ്പിയറിനോ സോഫോക്ലിസിനോ, ബാദൽ സർക്കാരിനോ പി.എം. താജിനോ ഒന്നും വിലക്ക് ഏർപ്പെടുത്തില്ല. എന്തിന്, പരിസരമലിനീകരണവും പരിസ്ഥിതിബോധവും പ്രമേയമായ ഇബ്സന്റെ 'ജനശത്രു' പോലും എ.സി. തിയ്യറ്ററിൽ അവതരിപ്പിക്കാം. കാറിൽ നിന്നിറങ്ങി സീറ്റിൽ വന്ന് ഇരിക്കുന്നതുവരെ കാലിൽ ഒരു തരി മണ്ണ് പുരളാതിരിക്കാനുള്ള സംവിധാനം ഭരണസമിതി ഇപ്പോൾ തന്നെ ചെയ്തിട്ടുണ്ട്. വിശാലമായ കോമ്പൗണ്ട് മുഴുവനും കോൺക്രീറ്റ് കട്ടകൾ പാകി ഭംഗിയാക്കികഴിഞ്ഞു. ഒരു തുള്ളി വെള്ളം പോലും മണ്ണിലേക്കിറങ്ങാൻ അനുവദിക്കാതാക്കി എന്ന് ചില ദോഷൈകദൃക്കുകൾ പറയുന്നത് കാര്യമാക്കേണ്ടതില്ല. പരിസ്ഥിതി സംരക്ഷണം പ്രമേയമായ നാടകം കാണുമ്പോൾ, ഓസോൺ പാളിയിൽ തുളവീഴുന്നതിന് താനും കാരണക്കാരനാകുന്നല്ലോ എന്ന കുറ്റബോധത്തോടെ മാത്രമേ ഇനി ഓരോ പ്രേക്ഷകനും അവിടെ ഇരിക്കാനാകൂ. കുറ്റബോധം കൊണ്ട് ശരീരം വിയർക്കുമോ എന്ന വേവലാതിയൊന്നും വേണ്ട. കാരണം എയർകണ്ടീഷൻ തിയ്യറ്ററിൽ വിയർപ്പ് ഉണ്ടാവില്ല.

തൃശൂർ കഥകളി ക്ലബ് കൊല്ലങ്ങൾക്ക് മുമ്പ് അവരുടെ പ്രതിമാസ പരിപാടികൾ തൃശൂർ റീജിയണൽ തിയ്യറ്ററിലായിരുന്നു നടത്തിയിരുന്നത്. കഥകളിപോലുള്ള കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നാമമാത്രമായ തുകയാണ് അവരിൽ നിന്ന് വാടക വാങ്ങിയിരുന്നത്. അക്കാദമിയിൽ ഭരണമാറ്റം വന്നപ്പോൾ കഥകളി ക്ലബിനുള്ള ഇളവ് എടുത്തുകളഞ്ഞു. വർദ്ധിപ്പിച്ച വാടക കൊടുക്കാൻ കഴിവില്ലാതെ പിറ്റേ മാസം മുതൽ പാറമേക്കാവ് ക്ഷേത്രത്തിലെ അഗ്രശാലയിലേക്ക് കഥകളി അവതരണം മാറ്റി. ഭേദപ്പെട്ട ഒരു സ്റ്റേജ് പോലുമില്ലാതെ, ഇടയ്ക്കിടെ ക്ഷേത്രത്തിൽ നിന്നുയരുന്ന കതിനയുടേയും മേളത്തിന്റെയും ശബ്ദശല്യവും സഹിച്ച് കഥകളി ഇപ്പോഴും അവിടെത്തന്നെ തുടരുന്നു. ഉത്പതിഷ്ണുക്കളായ എത്രയോ മഹാരഥന്മാരുടെ അശ്രാന്തപരിശ്രമം കൊണ്ടാണ് ക്ഷേത്ര മതിൽക്കെട്ടിനകത്ത് നിന്നും ജന്മിഗൃഹങ്ങളിൽ നിന്നും കഥകളിപോലുള്ള കലകളെ പുറത്തേക്കിറക്കിക്കൊണ്ടുവന്നതെന്ന് അറിയാത്തത്, സംഗീത നാടക അക്കാദമിയുടെ ഭരണസമിതിയിലെത്തുന്ന അംഗങ്ങൾക്ക് മാത്രമാണ്. കഥകളിയെ ക്ഷേത്രത്തിനകത്തേക്ക് തന്നെ തിരിച്ചുവിടുന്ന, ചരിത്ര ബോധമില്ലാത്ത മൂർത്തികളാണ് ഇപ്പോഴും അക്കാദമികളിൽ അരങ്ങു

> ⇨ ഈ ടാറിട്ട സ്ഥലത്തേക്കാണ് ഇതിലെ നടീനടന്മാർ ഉരുണ്ടുവീണതും വലിച്ചിഴക്കപ്പെട്ടതും ⇨

വാഴുന്നത്.

പള്ളിപ്പെരുന്നാളിനെത്തിയ ബാൻഡ് സംഘത്തിലെ ക്ലാരനറ്റ് വായനക്കാരനോട് ഇടവകയിലെ മദ്യപാനി ചോദിച്ചു,

"എന്തിനാണ് ഈ ദ്വാരങ്ങളെല്ലാം വിരലു കൊണ്ട് അടച്ചുപിടിക്കുന്നത്?"

ക്ലാരനറ്റ് കാരൻ പറഞ്ഞു,

"ശബ്ദം വരാൻ."

"എങ്കിൽപ്പിന്നെ എന്തിനാണ് ഇടയ്ക്കിടെ തുറക്കുന്നത്?"

"അതും ശബ്ദം വരാൻ."

ഇമ്മാതിരി വേലത്തരങ്ങളൊന്നും ഈ ഇടവകയിൽ നടക്കില്ലെന്ന് പറഞ്ഞ് ക്ലാരനറ്റ്കാരനെ ഓടിച്ചുവിട്ട മദ്യപാനിയെപ്പോലെയാണ് അക്കാദമിയുടെ സെക്രട്ടറി പ്രതികരിക്കുന്നത്. റീജിയണൽ തീയേറ്റർ എയർക്കണ്ടീഷൻ ചെയ്യുന്നത് അക്രമമല്ലേ എന്ന് ചോദിക്കുന്നവരോട് എപ്പോഴും ചിരിച്ചുകൊണ്ട് മാത്രം അക്രമം കാണിക്കുന്ന സെക്രട്ടറി പറഞ്ഞത് ഇങ്ങനെയാണ്. "എയർക്കണ്ടീഷൻ വേണ്ടാത്തവർക്ക് ഓഫ് ചെയ്യാനുള്ള ഓപ്ഷനുണ്ടല്ലോ..."

ബസ്സ്റ്റാൻഡിനടുത്ത് മൂത്രപ്പുര കെട്ടിയതിനും പഞ്ചായത്ത് കിണറിന് പാട്ടയും കയറും കൊടുത്തതിനും 'എം.പിയുടെ അല്ലെങ്കിൽ എം.എൽ.എയുടെ ഫണ്ടിൽ നിന്നും അനുവദിച്ചത്' എന്ന് ഫ്ളക്സ് വലിച്ചുകെട്ടുന്നത് എത്രയോ ഭേദമെന്ന് തോന്നും അക്കാദമിയുടെ ചുമരിൽ പാകിയ പുതിയ മാർബിൾ ഫലകം കണ്ടാൽ. ചില അമ്പലങ്ങളുടെ മുന്നിൽ അവിടുത്തെ വഴിപാട് വിവരങ്ങളുടെ വിലവിവരപ്പട്ടിക എഴുതിയപോലുണ്ട് അത്. 1,00,000 രൂപ - പ്രതിവർഷം (കലാകാരൻ ഒന്നിന്, വർഷം തോറും), 500 രൂപ - ആഴ്ചതോറും (അസുഖ കാലത്ത്), 1,00,000 രൂപ - (സബ്സിഡി, അമേചർ/പ്രൊഫഷണൽ നാടകങ്ങൾക്ക്), 10,000 രൂപ - (സബ്സിഡി, കഥാപ്രസംഗത്തിന്), 50,000 രൂപ (സബ്സിഡി, ലഘുനാടകങ്ങൾക്ക്) എന്നിങ്ങനെ പോകുന്നു കലയുടെയും കലാകാരന്മാരുടെയും വിലനിലവാരപ്പട്ടിക. കാലാവധി തീരുന്നതിന് മുമ്പ് ആരെങ്കിലും ചെവിക്കുപിടിച്ച് പുറത്താക്കുമോ എന്ന് ഭയന്നിട്ടാകണം 'അക്കാദമി തിയ്യറ്റർ എയർക്കണ്ടീഷൻ ചെയ്യുന്നതിനുള്ള തുടക്കം കുറിച്ചു' എന്നുകൂടി ഫലകത്തിൽ എഴുതിച്ചേർത്ത് അടിയിൽ സെക്രട്ടറിയുടെയും ചെർമാന്റെയും പേരുകൾ കൂടി കൊത്തിവച്ചത്. തങ്ങളുടെ മഹനീയ പ്രവർത്തനങ്ങളുടെ ഖ്യാതി മറ്റാർക്കും പോകരുതല്ലോ. ഇറ്റ്ഫോക്കിന് (അന്തർദേശീയ നാടകോത്സവം) തുടക്കം കുറിച്ച മുരളി പോലും അതിന് മുതിർന്നിട്ടില്ല. 'മാർബിളിൽ കൊത്തിവച്ച പേരുകൾ കാലം മായ്ക്കുന്നതൊന്ന് കാണണം.'

കവി മുല്ലനേഴിയെ അനുസ്മരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ മാസം സാഹിത്യ അക്കാദമിയിലെ തുറന്ന വേദിയായ 'ബഷീർവേദി'യിൽ'കുരുതിപ്പാടം' എന്ന നാടകം അവതരിപ്പിച്ചു. എട്ടുവർഷം മുൻപ്, കേരളത്തിലുടനീളം പാടത്തും പറമ്പിലും അവതരിപ്പിച്ചിട്ടുള്ളതാണ് 'കുരുതിപ്പാടം'. കരിവെള്ളൂരിൽ എ.വി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ നടന്ന ജന്മിത്തവിരുദ്ധ കലാപത്തിന്റെ നാടകാവിഷ്ക്കാരമാണ് ഇത്. ജന്മിയും ഗുണ്ടകളും മലബാർ സ്പെഷ്യൽ പോലീസും ചേർന്ന് സമരഭടന്മാരെ ക്രൂരമായി മർദ്ദിക്കുന്നതും സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നതും കുട്ടികളെ കൊലപ്പെടുത്തി വലിച്ചിഴച്ചുകൊണ്ടുപോകുന്നതും നാടകത്തിൽ വിസ്തരിച്ച് കാണിക്കുന്നുണ്ട്. എട്ടു കൊല്ലം മുൻപ് ഈ നാടകം കണ്ടിട്ടുള്ളവർ ഒന്നടങ്കം അഭിപ്രായപ്പെട്ടത് അന്ന് അവതരിപ്പിച്ചപ്പോഴുണ്ടായ ഊർജ്ജവും ആവേശവുമൊന്നും ഇത്തവണത്തെ അവതരണത്തിൽ കാണാൻ കഴിഞ്ഞില്ലെന്നാണ്. ഈ അഭിപ്രായവുമായി അണിയറയിലേക്ക് ചെന്നവർ കണ്ട കാഴ്ച സംവിധായകൻ നരിപ്പറ്റ രാജു, അതിലഭിനയിച്ച അഞ്ചാം ക്ലാസ്സുകാരനെ മടിയിലിരുത്തി, ചോരയൊലിക്കുന്ന കാലുകളിൽ തലോടിക്കൊടുക്കുന്നതും ഉമ്മവെക്കുന്നതുമാണ്. അഭിപ്രായം പറയാനെത്തിയവരോട് നരിപ്പറ്റ ചോദിച്ചു "നാടകം കളിക്കാൻ അല്പം മണ്ണു വേണം. നിങ്ങൾ തുറന്ന വേദിയെന്നും പറഞ്ഞ് ഇവിടെ മുഴുവൻ ടാർ ഇട്ടിരിക്കയല്ലേ? അതിലൂടെയാണ് ശവമായി അഭിനയിച്ച ഈ കുട്ടിയെ എംഎസ്പിക്കാരനായി അഭിനയിച്ച നടൻ വലിച്ചിഴച്ചത്. ശവമായി അഭിനയിക്കുന്ന ആ കുട്ടിക്ക് കാലിലെ തൊലിയടർന്ന് ചോരയൊലിച്ചാലും അത് സഹിക്കാനേ പറ്റൂ. ഈ ടാറിട്ട സ്ഥലത്തേക്കാണ് ഇതിലെ നടീനടന്മാർ ഉരുണ്ടുവീണതും വലിച്ചിഴക്കപ്പെട്ടതും. അപ്പോൾ അല്പം ഊർജ്ജവും ആവേശവും കുറഞ്ഞെന്നു വരും. ഈ അതോറിറ്റീസ് അവരുടെ പരിഷ്കാരങ്ങളിലൂടെ നാടകക്കാരോട് എന്താണ് ചെയ്യുന്നതെന്ന് ആരെങ്കിലും അന്വേഷിക്കുന്നുണ്ടോ?"

നരിപ്പറ്റയുടെ സങ്കടം പറച്ചിൽ കേട്ടപ്പോൾ, അദ്ദേഹം തന്നെ സംവിധാനം ചെയ്ത, ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' ഓർത്തുപോയി. അതിൽ വയൽ ഉഴുതുമറിച്ച് വിത്തിറക്കുന്ന അതിമനോഹരമായ ഒരു ഭാഗമുണ്ട്.

*⇨ തണുത്തുറഞ്ഞുപോയ ഏതു ഹൃദയത്തിലേക്കാണ് ആ വിലാപശബ്ദത്തിന് പ്രവേശിക്കാൻ സാധിക്കുക? ⇨*

ഗ്രാമത്തിലെ ഉത്സവം പോലെയാണ് അത് കാണിക്കുന്നത്. അതിനിടയിൽ, പാടത്ത് മലർന്നു കിടക്കുന്ന അയിഷയുടെ നഗ്നമായ വയറിൽ, അവളുടെ കൂട്ടുകാരൻ രണ്ടു കൈകളും ഉയർത്തി അതിലുണ്ടായിരുന്ന മണ്ണ് മഴപോലെ തൂവുന്നു. അതിനുശേഷം ഒരു പിടി നെൽവിത്തും... നാടകം കവിത്വത്തിന്റെ ശൃംഗങ്ങളിലേക്കുയരുന്ന ഇത്തരം രംഗാവതരണങ്ങൾ മലയാള നാടകവേദിയിൽ ഇനി പ്രതീക്ഷിക്കേണ്ടതില്ലെന്നാണോ? എ.സി തിയ്യറ്ററിലേക്ക് മണ്ണുമായി വരാൻ സെക്രട്ടറിയോ സെക്യൂരിറ്റിയോ സമ്മതിക്കുമോ? നെൽവിത്തിനു പകരം പ്ലാസ്റ്റിക് ഗ്രാനൂൾസ് ഉപയോഗിച്ചാൽ മതിയെന്ന് ശഠിക്കുമോ?

വയനാട്ടിൽ കെ.ജെ. ബേബി ആദിവാസികളെ സംഘടിപ്പിച്ച് 'നാടുഗദ്ദിക' എന്ന നാടകം തെരുവുകളിൽ അവതരിപ്പിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന നായനാരുടെ പോലീസ് അവരെ പിടിച്ച് ജയിലിലിട്ടു. അതിലെ പെൺകുട്ടികളെ ദുർഗുണ പരിഹാര പാഠശാലയിലാക്കി. ജന്മിക്ക് അധികാരമുണ്ടായിരുന്നപ്പോഴും, ദേശീയകക്ഷി അധികാരത്തിലെത്തിയപ്പോഴും, വിപ്ലവ പാർട്ടിക്ക് അധികാരം കിട്ടിയപ്പോഴും വയനാട്ടിലെ ആദിവാസികൾ അടിമകളായി തുടരുകയാണെന്നും തങ്ങളുടെ വിശപ്പുമാറ്റാൻ ആരും ശ്രമിച്ചിട്ടില്ലെന്നും ഉറക്കെ വിളിച്ചുപറയുന്ന നാടകമായിരുന്നു അത്. നാടുഗദ്ദികയുടെ ആദ്യാവതരണങ്ങൾ തെരുവുനാടക രൂപത്തിലായിരുന്നെങ്കിലും ഒരു വ്യാഴവട്ടക്കാലത്തിനുശേഷം ഈ നാടകം വീണ്ടും 'വയനാട് മഞ്ഞുമലൈ മക്കൾ' എന്ന അവതരണസംഘം ഓഡിറ്റോറിയങ്ങളിലും ഹാളുകളിലും അവതരിപ്പിച്ചിരുന്നു. വയനാട്ടിലെ കർഷക ആത്മഹത്യകളുടേയും അട്ടപ്പാടിയിൽ പോഷകാഹാരകുറുവുമൂലം ശിശുക്കൾ കൂട്ടത്തോടെ മരണപ്പെടുന്നതിന്റെയും പാശ്ചാത്തലത്തിൽ കെ.ജെ. ബേബിക്ക് ഈ നാടകം വീണ്ടും അവതരിപ്പിക്കേണ്ടിവന്നാൽ എന്തായിരിക്കും സ്ഥിതി? യാചൻ എന്ന, ആരോഗ്യം നശിച്ച ആദിവാസി വൃദ്ധന്റെ അന്ധനായ മകൻ 'പൈക്കിഞ്ചോ' (വിശക്കുന്നു) എന്ന് ആദിവാസി ഭാഷയിൽ ഹൃദയഭേദകമായി നിലവിളിക്കുന്നത് ഈ നാടകത്തിൽ ആവർത്തിച്ചു കേൾക്കാം. എങ്ങനെയാണ് എയർകണ്ടീഷൻ ചെയ്ത തിയ്യറ്ററിൽ വന്ന് നിന്ന് ഒരു ആദിവാസി ബാലൻ 'പൈക്കിഞ്ചോ' എന്ന് നിലവിളിക്കുക? എയർകണ്ടീഷൻ തിയ്യറ്ററിലിരുന്ന് തണുത്തുറഞ്ഞുപോയ ഏതു ഹൃദയത്തിലേക്കാണ് ആ വിലാപശബ്ദത്തിന് പ്രവേശിക്കാൻ സാധിക്കുക? നമ്മുടെ ചരിത്രത്തെ ശരിയായി വിലയിരുത്തുന്ന ഈ നാടകത്തിന്റെ പ്രഹരശേഷി കൃത്യമായി മനസ്സിലാക്കിയാണ് അന്നത്തെ സർക്കാർ ഇത് നിരോധിച്ചതും നാടകക്കാരെ മൂന്നു മാസം ജയിലിലിട്ടതും. അന്ന് സൂര്യകൃഷ്ണമൂർത്തിയെ പോലൊരാൾ സംഗീത നാടക അക്കാദമിയുടെ തലപ്പത്തുണ്ടായിരുന്നെങ്കിൽ ജയിലും നിരോധനവും ഒന്നും വേണ്ടിവരില്ലായിരുന്നു. എയർകണ്ടീഷണറും കോൺക്രീറ്റു കട്ടയും അത്യാധുനിക ഗസ്റ്റ് ഹൗസുകളും പോലുള്ള നിരവധി സൂത്രവിദ്യകൾ ഉപയോഗിച്ച് ആ നാടകത്തിന്റെ ഫ്യൂസ് അദ്ദേഹം തെറിപ്പിച്ചു കളയുമായിരുന്നു. സർക്കാരിനാണെങ്കിൽ നാടകം നിരോധിച്ചു എന്ന ചീത്തപ്പേരും ഉണ്ടാകുമായിരുന്നില്ല.



സൂര്യയുടെ സഹകരണത്തോടെ നടത്തിയ ഒരു നൃത്തോത്സവം ഈയിടെ തൃശൂരിൽ നടന്നു. എല്ലാ ദിവസവും പരിപാടി തുടങ്ങുന്നതിനുമുൻപ് സൂര്യയുടെ ചരിത്രവും വർത്തമാനവുമൊക്കെ വിസ്തരിക്കുന്ന ഒരു ഓഡിയോ സിഡി കാണികളെ കേൾപ്പിക്കും. ലോകത്തെ ഏറ്റവും വലിയ കലാസംഘടനയാണെന്നും 36 രാജ്യങ്ങളിൽ ശാഖകളുണ്ടെന്നുമൊക്കെയാണ് അതിൽ പറയുന്നത്. ചെങ്കിസ്ഖാന്റെയോ അലക്സാണ്ടറുടേയോ പടയോട്ടമാണോ എന്നു സംശയിക്കാവുന്ന വിധമുള്ള പശ്ചാത്തല സംഗീതമാണ് അതിന് കൊടുത്തിരിക്കുന്നത്. തിയ്യറ്ററിലുള്ളവരെ മാത്രമല്ല അതിന്റെ പരിസരത്തുള്ളവരെ കൂടി വിറപ്പിക്കുന്ന തരത്തിലാണ് നൃത്തം തുടങ്ങുന്നതിന് മുമ്പ് പെരുമ്പറകൊട്ടുന്ന പോലുള്ള ഈ പടഹധ്വനി. സൂര്യയുടെ ഈ സ്വയം പുകഴ്ത്തലുകൾ നിറഞ്ഞ ചെകിടടപ്പൻ സി.ഡി ഓഫ് ചെയ്യുമ്പോൾ കാണാം, വേദിയുടെ ഒരു മൂലയിൽ കൂടി അലർമേൽ വള്ളിയോ രമാ വൈദ്യനാഥനോ ഒരു എലിയെപ്പോലെ അരങ്ങിലേക്ക് പതുങ്ങി പ്രവേശിക്കുന്നത്. സംഘാടകർ പത്തിവിടർത്തിയാടുകയും കലാകാരി നിക്ഷ്പ്രഭയാവുകയും ചെയ്യുന്ന സങ്കടകരമായ കാഴ്ച കാണികൾ ഓരോ തവണയും അനുഭവിക്കേണ്ടി വരുന്നു. (അലർമേൽ വള്ളിയെപ്പോലുള്ള നർത്തകികൾ സംഘാടകർ തീർക്കുന്ന ഏത് പെരും കോട്ടകളെയും ഒരു നിമിഷം കൊണ്ട് തകർത്തുകളയുമെങ്കിലും എല്ലാവർക്കും അത് സാധിക്കണമെന്നില്ല). കലാകാരനേക്കാൾ സംഘാടകനാണ് വലിയതെന്ന കാര്യത്തിൽ ‘സൂര്യ’യുടെ മൂർത്തിക്ക് ഒരു സംശവുമില്ല.

> അന്ന് സൂര്യകൃഷ്ണമൂർത്തിയെ പോലൊരാൾ സംഗീത നാടക അക്കാദമിയുടെ തലപ്പത്തുണ്ടായിരുന്നെങ്കിൽ ജയിലും നിരോധനവും ഒന്നും വേണ്ടിവരില്ലായിരുന്നു. എയർകണ്ടീഷണറും കോൺക്രീറ്റു കട്ടയും അത്യാധുനിക ഗസ്റ്റ് ഹൗസുകളും പോലുള്ള നിരവധി സൂത്രവിദ്യകൾ ഉപയോഗിച്ച് ആ നാടകത്തിന്റെ ഫ്യൂസ് അദ്ദേഹം തെറിപ്പിച്ചു കളയുമായിരുന്നു

ഭാവിയിൽ റീജിയണൽ തിയ്യറ്റിനു പുറത്തുള്ള കോമ്പൗണ്ട് കൂടി എ.സിയാക്കാനുള്ള ആലോചന ഭാരവാഹികൾ നടത്തികൂടായ്കയില്ല. കഴിഞ്ഞ ഇടതുഭരണ സമിതിയുടെ കാലത്ത് അതിരിൽ നിന്നിരുന്ന കൂറ്റൻ മദിരാശി മരങ്ങളുടെ ശിഖരങ്ങൾമുറിച്ചുമാറ്റി അവിടെയൊക്കെ നാലാൾ പൊക്കത്തിൽ നഗരത്തിലെ ജ്വല്ലറിയുടേയും പട്ടുവസ്ത്രക്കടയുടേയും ഫ്ളക്സുകൾ സ്ഥാപിച്ചിരുന്നു. ഈ ഭരണസമിതി വന്നപ്പോൾ ആ ബോർഡുകളെല്ലാം ലുലു ഇന്റർനാഷണലിന്റേതാക്കി. മുൻപ് മൂന്നോ നാലോ കൂറ്റൻ ബോർഡുകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ അതിന്റെ ഇരട്ടിയായി. മറ്റു മൂന്നു ഭാഗങ്ങളിലുള്ള മരങ്ങളും കൂടി ഇല്ലാതാക്കി അവിടെയൊക്കെ കൂറ്റൻ പരസ്യഫലകങ്ങൾ അനുവദിച്ച് ആ സ്ഥാപനങ്ങളോട് പ്രത്യുപകാരമായി കോമ്പൗണ്ട് മുഴുവനും എ.സിയാക്കിത്തരാൻ ആവശ്യപ്പെടാനുള്ള സാധ്യത ഉണ്ടായികൂടെന്നില്ല.

പണത്തിന്റെ കുറവുകൊണ്ടാണ് നാട്ടിൽ നാടകങ്ങൾ ഉണ്ടാകാത്തതെന്നാണ് അക്കാദമി കരുതുന്നത്. അതുകൊണ്ട് അമേച്ചർ നാടകങ്ങളുടെ മേഖലാമത്സരങ്ങൾക്ക് അമ്പതിനായിരവും തിരഞ്ഞെടുക്കപ്പെട്ടാൽ ഒരു ലക്ഷവുമൊക്കെയാണ് നാടകസംഘങ്ങൾക്ക് ഉദാരമായി കൊടുക്കുന്നത്. നാടകം റിഹേഴ്സൽ ചെയ്യാനുള്ള ഇടം ഇപ്പോൾ തന്നെ എ.സിയാക്കി കഴിഞ്ഞു. ഇത്തരം സൗകര്യങ്ങളിൽ കുടുങ്ങിപ്പോയ നാടകക്കാർ അക്കാദമി ഭാരവാഹികൾക്കെതിരെ നിലപാടെക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. ജനങ്ങൾക്ക് അവകാശപ്പെട്ട സ്ഥലങ്ങളിൽ നിന്ന് പല കാരണങ്ങളാൽ അവരെ അകറ്റി മാറ്റുമ്പോൾ ജനങ്ങൾ തന്നെ ഇത്തരം എയർക്കണ്ടീഷൻ മൂർത്തികൾക്കെതിരെ രംഗത്തിറങ്ങേണ്ടിയിരിക്കുന്നു.

**വാൽ:**

അവനവൻ ഇരിക്കേണ്ടിടത്ത് അവനവൻ ഇരുന്നില്ലെങ്കിൽ അവിടെ നായ കയറിയിരിക്കും എന്ന നാടൻ ചൊല്ലിൽ എന്തെങ്കിലും സംശയമുണ്ടോ? എങ്കിൽ ഏതെങ്കിലും ഒരു സായാഹ്നത്തിൽ സാഹിത്യ അക്കാദമിയുടെ മുന്നിലേക്ക് ചെല്ലൂ. സൗഹൃദം പങ്കുവെക്കാനും ആശയസംവേദനത്തിനുമായി അക്കാദമി കോമ്പൗണ്ടിലെ മരങ്ങളുടെ ചുവട്ടിലിരിക്കുന്നവരെ സർക്കാർ ഓഫീസ് സമയമായ അഞ്ചുമണിക്ക് പടിക്കു പുറത്താക്കി ഗേറ്റ് അടക്കുന്നത് കാണാം. പുറത്താക്കപ്പെട്ട നൂറിലധികം ആൾക്കാൾ മതിലിൽ ചാരിയും റോഡരികിൽ നിന്നും വിഷമിക്കുമ്പോൾ, അകത്ത് വിജനമായ കോമ്പൗണ്ടിലൂടെ നിറവയർ കുലുക്കി സാഹിത്യ അക്കാദമിയുടെ സിക്രട്ടറിയദ്ദേഹം തലങ്ങും വിലങ്ങും കൈവീശി നടന്ന് വ്യായാമം ചെയ്യുന്ന കാഴ്ച തുടർന്ന് കാണാം. ■